"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ വല്ലപ്പുഴ വി.സി.എം.എൽ.പി സ്കൂളിലെ എൽ.പി.എസ്.എ മാരായ അബ്ദുൽ നാസർ പി.കെ, ജയകുമാർ.കെ, രാജലക്ഷ്മി.സി എന്നിവർ ഫയൽ ചെയ്ത WP(C) No. 33965/2018, ടി സ്കൂളിലെ എൽ.പി.എസ്.എ ശ്രീമതി.ചന്ദ്രലേഖ.വി ഫയൽ ചെയ്ത WP(C) No. No.34067/2018, പ്രധാനാദ്ധ്യാപിക ശ്രീമതി.ഗീത.കെ, ഫയൽ ചെയ്ത WP(C) No. 20136/2020, 22238/2022, 23489/2022 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 8.3.2023 തീയതിയിലെ പൊതു വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.7612/2024/GEDN തീയതി,തിരുവനന്തപുരം, 25-10-2024

പരാമർശം:-

1. പാലക്കാട് ജില്ലയിലെ വല്ലപ്പുഴ വി.സി.എം.എൽ.പി സ്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതി.ഗീത.കെ യുടെ 14/03/2022 തീയതിയിലെ അപേക്ഷകൾ (Ext.P29, P30).
2. പാലക്കാട് ജില്ലയിലെ വല്ലപ്പുഴ വി.സി.എം.എൽ.പി സ്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതി.ഗീത.കെ യുടെ 03/03/2022 തീയതിയിലെ കത്ത്.
3. WP(C) No. 33965/2018, 34067/2018, 20136/2020, 22238/2022, 23489/2022 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 8.3.2023 തീയതിയിലെ പൊതു വിധിന്യായം.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/08/2023 തീയതിയിലെ DEOOTP/828/2023-ബ4 നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19/08/2023 തീയതിയിലെ നമ്പർ രേഖപ്പെടുത്താത്ത കത്ത്.
6. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 12/08/2023, 19/08/2023 തീയതികളിലെ ഡിഡിഇ/ബി6/3759/2022 നമ്പർ കത്തുകൾ.
7. ഷൊർണ്ണൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/08/2023, 15/09/2023 തീയതികളിലെ AEOSRR/307/2023-B നമ്പർ കത്തുകൾ

ഉത്തരവ്

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ വി.സി.എം.എൽ.പി സ്കൂളിലെ എൽ.പി.എസ്.എ മാരായ അബ്ദുൽ നാസർ പി.കെ, ജയകുമാർ.കെ, രാജലക്ഷ്മി.സി എന്നിവർ ഫയൽ ചെയ്ത WP(C) No.

33965/2018, ടി സ്കൂളിലെ എൽ.പി.എസ്.എ ശ്രീമതി.ചന്ദ്രലേഖ.വി ഫയൽ ചെയ്ത WP(C) No. No.34067/2018, പ്രധാനാദ്ധ്യാപിക ശ്രീമതി.ഗീത.കെ, ഫയൽ ചെയ്ത WP(C) No. 20136/2020, 22238/2022, 23489/2022 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 3 പൊതു വിധിന്യായത്തിൽ WP(C) No. 22238/2022 നോടൊപ്പം ഫയൽ ചെയ്ത Ext. P29 to P31 ഹർജികൾ ടി ഹർജിക്കാരിയായ ശ്രീമതി.ഗീത.കെയുടെ 2022 ജൂൺ മുതലുള്ള ശമ്പളം അനുവദിയ്ക്കാൻ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിയ്ക്ക് മുൻപാകെ സമർപ്പിക്കുന്ന അഡിഷണൽ റെപ്രസന്റേഷനോടൊപ്പം ചേർത്ത് ഹർജിക്കാരിയെ കേട്ട് പരിഗണിയ്ക്കാൻ ടി റിട്ട് ഹർജികളിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 28.8.2023 തീയതിയിൽ നേരിൽ കേട്ടു.

2. WP(C) No. 20136/2020, 22238/2022, 23489/2022 എന്നിവയിലെ ഹർജിക്കാരിയായ റിട്ട. പ്രഥമാദ്ധ്യാപിക ശ്രീമതി.ഗീത.കെ യുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

ഹർജിക്കാരി 1.5.2015 ന് വല്ലപ്പുഴ വിസിഎം എൽ.പി സ്കൂളിലെ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമനം ലഭിച്ച വ്യക്തിയാണ്. 31.5.2023-ന് സൂപ്പർ ആന്വേഷനിൽ റിട്ടയർ ആയി. 1995 മുതൽ ഇതേ സ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്തു വന്നിരുന്ന എനിക്കെതിരെ 1.5.2015-ന് ഞാൻ പ്രധാന അദ്ധ്യാപിക ആകുന്നതുവരെ യാതൊരു വിധത്തിലുള്ള പരാതികളും ആരിൽ നിന്നും, യാതൊരു കോണിൽ നിന്നും യാതൊരു വിധത്തിലും ഉണ്ടായിട്ടില്ല. എന്നാൽ ഞാൻ പ്രധാനാദ്ധ്യാപികയായി നിയമിതയായത് മുതൽ എ.ഇ.ഒ-മാനേജർ സഹാദ്ധ്യാപക കൂട്ടുകെട്ട്, എന്നെ എച്ച്.എം സ്ഥാനത്തിരുത്തില്ലെന്നും എന്റെ ജോലി തെറിപ്പിക്കും എന്നുമുള്ള അജണ്ട നടപ്പിലാക്കുന്നതിന് വേണ്ടി എനിക്കെതിരെ കഠിന പരിശ്രമങ്ങൾ നടത്തികൊണ്ടിരുന്നു. അതിന്റെ ഭാഗമായി വ്യാജ പരാതികളും വ്യാജന്മാരുടെ പരാതികളും സംഘം ചേർന്ന ഗ്രൂഡാലോചനകളും സംഘം ചേർന്ന ആക്രമണങ്ങളും മറ്റും നടത്തികൊണ്ട് എ.ഇ.ഒ-മാനേജർ-സഹാദ്ധ്യാപക കൂട്ടുകെട്ട് 1.9.2015-ന് എന്നെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഇടയിൽ ഗറില്ലാ മോഡലിൽ സംഘം ചേർന്ന് ആക്രമിക്കുകയും എന്റെ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും മുന്നിൽ എന്നെ എല്ലാ നിലയ്ക്കും പീഡിപ്പിക്കുകയും സ്ത്രീത്വത്തെ പോലും അപമാനിക്കുകയും ചെയ്തു. അവരുടെ സ്വേച്ഛകൾക്കും സ്വാർത്ഥ താല്പര്യങ്ങൾക്കും വഴങ്ങാത്തതിനാൽ 1.9.2015 ന് സ്കൂളിൽ എനിക്കെതിരെ സംഘം ചേർന്ന് നടത്തിയ ആക്രമണത്തെ തുടർന്ന് എന്നെ സ്കൂളിൽ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുകയും തുടർന്ന് 12.9.2015 ന് എന്നെ സസ്പെന്റ് ചെയ്യുകയും ചെയ്തു.

ഇതേ തുടർന്ന് ഞാൻ നിരവധി തവണ താങ്കൾ അടക്കമുള്ള മേലധികാരികൾക്ക് അപേക്ഷകളും പരാതികളും സമർപ്പിക്കുകയുണ്ടായി തുടർന്ന് WP © 27240/ dt.27.9.2016, WP © 29095 dt.29.6.2016 എന്നിവ മുഖാന്തിരം ബഹു.ഹൈക്കോടതി ഇടപെട്ടു. ആയതിനുശേഷം 9.11.2016-ലെ 974734/B3/2016/GEDN നമ്പർ ഉത്തരവ് പ്രകാരമാണ് എന്നെ ജോലിയിൽ പു:നപ്രവേശിപ്പിച്ചത്.

ടി സസ്പെൻഷൻ തെറ്റാണെന്ന് കണ്ടെത്തിയിട്ടും ആയതിൽ ഇല്ലാത്ത അച്ചടക്ക നടപടികളുടെ പേര് പറഞ്ഞ് ഇന്നും എന്റെ ഇൻക്രിമെന്റ് അടക്കം വരുന്ന എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും ബഹു.എ.ഇ.ഒ തടഞ്ഞു വെച്ചിരിക്കുകയാണ്. ആയതിൽ ഞാൻ താങ്കൾ അടക്കം വരുന്ന എല്ലാ മേലധികാരികളെയും സമീപിച്ചിട്ടും ഒരു ഫലവും ഉണ്ടായില്ല. ഒടുവിൽ നീതി തേടി ഹൈക്കോടതിയെ സമീപിക്കുകയും WP © No.14516/2018 ഫയൽ ചെയ്യുകയും ചെയ്തു. എന്നാൽ

ഞാൻ സഹകരിക്കുന്നില്ല എന്ന വിധം വളരെ tactic ആയ approach ലൂടെ എ.ഇ.ഒ ബഹു. ഹൈക്കോടതി ഉത്തരവിനെപോലും മറികടക്കുകയും, എന്നെ കുറ്റക്കാരിയാക്കി കൊണ്ട് മാനേജരെ കൊണ്ട് WP © NO.12180/19 ഫയൽ ചെയ്യിക്കുകയും ആണ് ചെയ്തത്. ഈ സമയത്തിനകത്ത് വേറെയും പല കുറ്റങ്ങളും എന്നിൽ ആരോപിച്ചുകൊണ്ട് സ്കൂൾ മാനേജർ 22.8.2019-നും 1.11.2019-നും കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും വീണ്ടും എനിക്കെതിരെ നടപടിയുമായി മുന്നോട്ടു നീങ്ങുകയാണെന്ന് അറിയിപ്പ് നൽകുകയും ചെയ്തു. എ.ഇ.ഒ-മാനേജർ -സഹാദ്ധ്യാപക കൂട്ടുകെട്ടിന്റെ നീക്കങ്ങൾ മനസ്സിലാക്കിയ ഞാൻ WP © 14516/2018 & WP © 14516/2018 (L) ഇവയിലെ ബഹു.ഹൈക്കോടതി ഉത്തരവുകളിൽ ഒന്നും നീതി ലഭിക്കാതെ വന്നപ്പോൾ ഇക്കാര്യങ്ങൾ ബഹു.ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തികൊണ്ട് COC 1064/2022 ഫയൽ ചെയ്തു. ആയതും എ.ഇ.ഒ വളരെ തന്ത്രപൂർവ്വം ഒഴിവാക്കികൊണ്ട് വീണ്ടും എനിക്ക് നീതി നിഷേധിച്ചു. മേപ്പടി രണ്ട് കുറ്റാരോപണ പത്രികകളുടെയും അന്വേഷണ ഉദ്യോഗസ്ഥൻ എ.ഇ.ഒ തന്നെയാണെന്നും, രണ്ട് കുറ്റാരോപണ പത്രികകളിലും ഒറ്റയടിക്ക് എ.ഇ.ഒ അന്വേഷണം നടത്തി എന്നതും ചട്ടവിരുദ്ധം എന്നതിനപ്പുറത്ത് സ്വാഭാവിക നീതിക്ക് നിരക്കാത്ത വളരെ വിചിത്രമായ ഒരു രീതിയാണ് എ.ഇ.ഒ സ്വീകരിച്ചത് എന്നതും ശ്രദ്ധേയമാണ്. ഇത്തരത്തിൽ തികച്ചും സ്വാഭാവിക നീതിക്കും നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി എ.ഇ.ഒ ചെയ്തത് എ.ഇ.ഒ യുടെ എനിക്കെതിരെയുള്ള തീർത്തും based ആയിട്ടുള്ള നിലപാടിനെ വ്യക്തമാക്കുന്നതാണ്. തീർത്തും ചട്ടവിരുദ്ധവും നിയമവിരുദ്ധവുമായി നടത്തിയ ഈ അന്വേഷണങ്ങളിലൂടെ എന്നോടുള്ള എതിർപ്പ് എത്തിച്ചത് 8.9.2020 ന് എനിക്ക് ഷോക്കോസ് നോട്ടീസ് നൽകികൊണ്ടായിരുന്നു. എ.ഇ.ഒ യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഷോക്കോസ് നോട്ടീസ് Rule 65 (iv) chapter XIV-A പ്രകാരം സ്ഥിരമായി എന്നെ സ്കൂളിലെ ഏറ്റവും ജൂനിയർ മോസ്റ്റ് ആയി തരം താഴ്ത്തികൊണ്ടുള്ള കടുത്ത ശിക്ഷ ചുമത്താൻ പോകുന്നു എന്ന വിവരം അറിയിച്ചത് ആയിരുന്നു.

ബഹു.എ.ഇ.ഒ യുടെയും സ്കൂൾ മാനേജരുടെയും ചട്ടവിരുദ്ധവും നിയമവിരുദ്ധവുമായ ഈ പ്രവർത്തികൾക്കും വ്യക്തിവൈരാഗ്യം തീർക്കുന്ന ഈ അനീതികൾക്കും പകപോക്കലുകൾക്കും എതിരെ നീതി തേടി ഞാൻ ബഹു ഹൈക്കോടതിയെ സമീപിക്കുകയും WP © No.20136/200 ഫയൽ ചെയ്യുകയും ചെയ്തതാണ്. പ്രസ്തുത കേസിൽ ബഹു.ഹൈക്കോടതി സ്കൂൾ മാനേജരുടെയും എ.ഇ.ഒ യുടെയും പ്രസ്തുത ഷോക്കോസ് നോട്ടീസും നടപടിയും തീർത്തും തെറ്റാണെന്ന് കണ്ടെത്തുകയും നടപടികൾ സ്റ്റേ ചെയ്ത് ഉത്തരവാകുകയും ചെയ്തു. ടി ഷോക്കോസ് നോട്ടീസിലെ നടപടികൾ തെറ്റാണെന്നും എ.ഇ.ഒ യുടെ തെറ്റായ അന്വേഷണത്തിന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തീർത്തും നിരപരാധിയായ എനിക്കെതിരെ ഇത്തരത്തിലുള്ള കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കരുത് എന്നും അപേക്ഷിച്ചുകൊണ്ട് ഞാൻ ടി ഷോക്കോസ് നോട്ടീസിന് വിശദമായ മറുപടി നൽകി. എന്നാൽ ആ മറുപടി പാടെ അവഗണിച്ചുകൊണ്ട് ഉദ്ദിഷ്ടകാര്യത്തിനായി എ.ഇ.ഒ ശുപാർശ ചെയ്ത ടി ഷോക്കോസ് നോട്ടീസിലെ നിർദ്ദിഷ്ട ശിക്ഷാനടപടി മാനേജർ എനിക്കെതിരെ ഉറപ്പാക്കുകയും ചെയ്തു. എന്നാൽ ടി നടപടിയിൽ തീയതികളിൽ അടക്കം ഉണ്ടായിട്ടുള്ള ഗുരുതരമായ പല ക്രമക്കേടുകളും ബഹു.ഹൈക്കോടതി കണ്ടെത്തുകയും ടി ഷോക്കോസ് നോട്ടീസും അനുബന്ധ നടപടികളും 8.3.2023-ലെ പൊതുവിധിന്യായത്തിൽ ബഹു.ഹൈക്കോടതി SET ASIDE ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ബഹു. ഹൈക്കോടതിയുടെ 8.3.2023-ലെ പൊതുവിധിന്യായ പ്രകാരം WP © No.20136ലെ വിധിക്ക് അനുസരിച്ച് ഞാൻ മാനേജർക്ക് ഷോക്കോസ് നോട്ടീസിന് വിശദീകരണം സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തെപോലും മാനിക്കാതെയും തന്നിഷ്ടപ്രകാരം

വളച്ചൊടിച്ചുകൊണ്ടും, വീണ്ടും ടി ഷോക്കോസ് നോട്ടീസ് പ്രകാരമുള്ള എ.ഇ.ഒ യുടെ നിർദ്ദിഷ്ട ശിക്ഷാ നടപടികൾ നടപ്പാക്കികൊണ്ട് സ്കൂൾ മാനേജർ കൂത്തക നിലപാട് സ്വീകരിക്കുകയും മുൻ നിശ്ചയ പ്രകാരമുള്ള നപടികൾ സ്വീകരിച്ചുകൊണ്ട് 30.5.2023-ന് പ്രൊസീഡിംഗ് ഓഫ് ദി മാനേജർ പുറപ്പെടുവിച്ചിരിക്കുന്നു. ആയതിന് 13.6.2023-ന് ബഹു എ.ഇ.ഒ അംഗീകാരം നൽകി ഉത്തരവാക്കി. ഞാൻ 31.5.2023-ന് റിട്ടയർ ചെയ്യാനിരിക്കെ 16.5.2023-ന് എന്നെ കെ.ഇ.ആർ act 12 A പ്രകാരം എ.ഇ.ഒ സസ്പെന്റ് ചെയ്കയും 30.5.2023-ന് 15 ദിവസം കഴിയുമെന്ന് മനസ്സിലായപ്പോൾ തന്നെ ഡി.ഇ.ഒ വിന് എക്സ്റ്റൻഷൻ അപ്പീൽ പോകുകയും, സസ്പെൻഷൻ 15 ദിവസത്തിലധികം അനിശ്ചിതമായി നീട്ടികൊണ്ടു ഡി.ഇ.ഒ ഇൻചാർജ്ജ് എക്സ്റ്റൻഷൻ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.

12.9.2015 മുതൽ (യഥാർത്ഥത്തിൽ 1.9.2015 മുതൽ) 4.1.2017 വരെ എന്നെ സസ്പെന്റ് ചെയ്ത എ.ഇ.ഒ-മാനേജർ-സഹാദ്ധ്യാപക കൂട്ടുകെട്ട് 3.12.2018 മുതൽ 1.7.2019 വരെ എന്നെ രണ്ടാമതും സസ്പെന്റ് ചെയ്തു. ആയതിനെതിരെ ഞാൻ കോടതിയിൽ WP © No.3886/2019 ഫയൽ ചെയ്കയും, ബഹു. ഹൈക്കോടതിയുടെ ഇടപെടലിലൂടെ 1.7.2019 ന് പ്രസ്തുത suspension cancel ചെയ്തുകൊണ്ട് മാനേജർ ഉത്തരവിറക്കുകയും ചെയ്തു.

ഇതിൽ അതൃപ്തി തോന്നിയ അന്നത്തെ ഷോർണ്ണൂർ എ.ഇ.ഒ ആയിരുന്ന ശ്രീ.എം.ആർ.സുകുമാരൻ അവർകൾ സ്കൂൾ മാനേജരുടെ മകനും സഹാദ്ധ്യാപകനും ഒത്തുചേർന്ന ഒരുപാട് ആളുകളെയും കൂട്ടി എന്റെ വീട്ടിൽ അതിക്രമിച്ചു കയറി വരികയും എന്നെയും കുടുംബത്തെയും ശാരീരികമായും മാനസികമായും എന്ന് വേണ്ട എല്ലാ നിലയ്ക്കും പീഡിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 14.8.2019-ന് ഉണ്ടായ ഈ സംഭവത്തെ തുടർന്ന് ഇവർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം IPC 353,354,448,441,326,503,509,294 (b) 506 (1), 120 (b) എന്നീ വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുള്ളതുമാണ്. ആയത് CC No.581/2021 ആയി പട്ടാമ്പി ഫസ്റ്റ് ക്ലാസ്സ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് നിലവിലുണ്ട്. ഇക്കാര്യം വകുപ്പ്തല മേലധികാരികളെ രേഖാമൂലം അറിയിച്ചിട്ടും എ.ഇ.ഒ എം.ആർ.സുകുമാരൻ മുതലായ പ്രതികൾക്കെതിരെ യാതൊരുവിധ വകുപ്പ് തല ശിക്ഷാനടപടികളും ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഇക്കാര്യങ്ങൾ കാണിച്ച് ഞാൻ 3.3.2022നും 14.3.2022 നും ബഹു. ഡി.പി.ഐക്കും സെക്രട്ടറിക്കും പരാതി ബോധിപ്പിച്ചിട്ടുള്ളതാണ്.

സഹാദ്ധ്യാപകരായ ജയകുമാർ.കെ, രാജലക്ഷ്മി.സി, ചന്ദ്രലേഖ.വി അബ്ദുൽ നാസർ.പി.കെ എന്നിവർ 3.1.2022-ന് ഉച്ചക്ക് മുതൽ അദ്ധ്യാപക ഹാജർ പട്ടികയിൽ മന:പൂർവ്വം ഹാജർ രേഖപ്പെടുത്താതിരിക്കുകയും എനിക്കെതിരെ വ്യാജ പരാതികൾ എ.ഇ.ഒയ്ക്ക് സമർപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇക്കാര്യത്തെക്കുറിച്ച് അദ്ധ്യാപകരോട് അന്വേഷിച്ചപ്പോൾ എ.ഇ.ഒ എം.ആർ സുകുമാരൻ അവർകളുടെയും മറ്റും നിർദ്ദേശ പ്രകാരമാണ് സഹാദ്ധ്യാപകർ ഇങ്ങനെ ചെയ്യുന്നത് എന്ന് എന്നോട് അറിയിക്കുകയും ചെയ്തു. സഹാദ്ധ്യാപകർ അദ്ധ്യാപക ഹാജർ പട്ടികയിൽ ഹാജർ രേഖപ്പെടുത്താത്തത് എന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുന്ന പ്രവൃത്തിയാണ്. ആയതിനാൽ ഇത്തരത്തിൽ എ.ഇ.ഒ ഈ സ്കൂളിൽ സംഘം ചേർന്ന് കുറ്റകരമായ ഗൂഢാലോചന നടത്തുകയും എനിക്കെതിരെ വളരെ tactic approach ലൂടെ പ്രശ്നങ്ങൾ സൃഷ്ടിച്ചെടുക്കുകയും എന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മന:പൂർവ്വം തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ട് എനിക്കെതിരെ ഗുരുതരമായ കൃത്യവിലോപം, ഗുരുതരമായ വീഴ്ച, ഗുരുതരമായ കുറ്റകൃത്യം എന്നിങ്ങനെ ചുമത്തികൊണ്ട് എന്റെ അവസ്ഥ എല്ലാ നിലയ്ക്കും ഗുരുതരമാക്കി തീർക്കുന്ന സമീപന രീതിയാണ് ബഹു.എ.ഇ.ഒ ഈ സ്കൂളിൽ സ്വീകരിച്ചു വന്നിട്ടുള്ളത്. ഇക്കാര്യത്തിൽ ഞാൻ നിരവധി പരാതികളും അപേക്ഷകളും എ.ഇ.ഒ യ്ക്ക്

സമർപ്പിച്ചെങ്കിലും സ്കൂൾ എച്ച്.എം ആയ എനിക്ക് സ്കൂൾ നടത്തികൊണ്ടു പോകാൻ യാതൊരു തരത്തിലും അനുകൂലമായ ഒരു നിലപാടും എ.ഇ.ഒ സ്വീകരിച്ചില്ല.

പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ന വ്യാജേന എ.ഇ.ഒ ശ്രീ.എം.ആർ സുകുമാരൻ 18.202022ന് എ.ഇ.ഒ ഓഫീസിൽ വിളിച്ചുചേർത്ത കൂടിക്കാഴ്ച വേളയിൽ വളരെ തന്ത്രപരമായി എന്നിൽ നിന്നും എ.ഇ.ഒ കൈക്കലാക്കി കൈവശം വച്ച് കൈകാര്യം ചെയ്തു പോന്നിരുന്ന 2022-ലെ അദ്ധ്യാപക ഹാജർ പട്ടിക അടക്കം വരുന്ന എല്ലാ രേഖകളും ചുമതലകളും ജയകുമാറിന് കൈമാറിക്കൊണ്ട് 2022 ജനുവരി മുതൽ എനിക്കെതിരെ വളരെ ആസൂത്രിതമായി എ.ഇ.ഒ നടത്തി വന്നിരുന്ന ഉപജാപ പ്രവർത്തനങ്ങൾ ജയകുമാറിനെ HM in charge ആക്കി വാഴിച്ചുകൊണ്ട് B/122/2022 dt.29.6.2022 എന്ന ഉത്തരവ് പുറപ്പെടുവിക്കുകകയാണുണ്ടായത്. ഇത്തരം കാര്യങ്ങൾ സ്കൂൾ എച്ച്.എം.എന്ന നിലയിലുള്ള എന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തെ മാത്രമല്ല മാത്രമല്ല സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളെയും വളരെയധികം ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഞാൻ എച്ച്.എം.ആവുന്നതിൽ ഏറ്റവും കൂടുതൽ താല്പര്യക്കുറവ് കാണിച്ചിരുന്നതും ഒരു പെണ്ണിന്റെ കീഴിൽ പണിയെടുക്കാൻ ഞങ്ങളുടെ മതമോ മനസ്സോ അനുവദിക്കുന്നില്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് വർഗ്ഗീയ വിഷം കുത്തിവെച്ചുകൊണ്ട് എനിക്കുണ്ടായ വലിയ ജനസമ്മതി (ground support) ഇല്ലാതാക്കുകയും ചെയ്തത് ഈ സ്കൂളിലെ അറബി അദ്ധ്യാപകനായ അബ്ദുൾനാസർ പി.കെ ആണ്.

ഞാൻ എച്ച്.എം ആയതു മുതൽ എന്റെ ജോലി തെറിപ്പിക്കുന്നതിനും എനിക്കെതിരെയുള്ള എല്ലാ വ്യാജ പരാതികൾ ചമച്ചതും എല്ലാ അക്രമ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ചിരുന്നതും എന്നും ടിയാന്റെയും സംഘത്തിന്റെയും സ്വാർത്ഥ താല്പര്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി എ.ഇ.ഒ യെയും മാനേജരെയും പ്രീണിപ്പിച്ച് വശംവദരാക്കുകയും സ്വാധീനിക്കുകയും ചെയ്തതുമാണ് എന്നും ഞാൻ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

18.2.2022 ന് ശ്രീ.എം.ആർ.സുകുമാരൻ എന്നിൽ നിന്നും കൈപ്പറ്റി കൈവശം വെച്ച് കൈകാര്യം ചെയ്ത് പോന്നിരുന്ന അദ്ധ്യാപക ഹാജർ പട്ടിക ഞാൻ നിരവധി തവണ ആവശ്യപ്പെട്ടിട്ടും എനിക്ക് തിരികെ തന്നില്ല. സ്കൂളിലെ ഒരു സുപ്രധാന ദൈനംദിന ഔദ്യോഗിക രേഖയായ പ്രസ്തുത ഹാജർ പട്ടിക എനിക്ക് ഇതുവരെയും കൈമാറി തരാതിരുന്നത് എന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടയുന്നതിനും, എന്റെ എച്ച്.എം സ്ഥാനം തെറിപ്പിക്കുന്നതിനും ജയകുമാറിനെ എച്ച്.എം ആയി വാഴിക്കാനും ആണ് എന്ന കാര്യത്തിൽ തർക്കമില്ല എന്ന് മാത്രമല്ല ചട്ടവിരുദ്ധവും നിയമവിരുദ്ധവുമായ ഈ പ്രവർത്തിയിലൂടെ എ.ഇ.ഒ, drawing and disbursing officer സ്ഥാനം കൂടി ജയകുമാറിന് നൽകിയത് വളരെ വിചിത്രമായിരിക്കുന്നു. എന്നെ ജീവനോടെ കുഴിച്ചുമൂടുന്നതിന് സമാനമായ ഇത്തരം പ്രവർത്തികൾ എനിക്കെതിരെ എ.ഇ.ഒ നടത്തുന്ന പകപോക്കലുകളുടെയും നിയമവിരുദ്ധ പ്രവർത്തികളുടെയും ഉദാഹരണങ്ങളാണ്.

സ്കൂൾ പ്രവർത്തനങ്ങൾ നല്ല നിലയിൽ ഏകോപിപ്പിച്ച് മുന്നോട്ട് കൊണ്ടു പോകാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥനായ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇത്തരത്തിൽ സ്കൂളിലെ ജീവനക്കാർക്കിടയിൽ അസ്വാരസ്യങ്ങൾക്ക് വഴിയൊരുക്കുകയും ആയത് പെരുപ്പിച്ച് പ്രശ്നങ്ങളിലേക്ക് എത്തിക്കുകയും അവയെല്ലാം എന്നോടുള്ള പകപോക്കുന്നതിനുള്ള ഉപകരണങ്ങൾ ആക്കുകയും നിസ്സാര കാര്യങ്ങളെ പോലും എനിക്കെതിരെയുള്ള ഗുരുതരമായ ആരോപണങ്ങൾ ആക്കി മാറ്റിയെടുക്കും വിധം പർവ്വതീകരിച്ചു കാണിക്കുകയും ആവശ്യമായ വിധത്തിൽ പരാതികളും അന്വേഷണങ്ങളും, റിപ്പോർട്ടുകളും ചമയിച്ചൊരുക്കുകയും, മേലധികാരികളിൽ സമർപ്പിക്കുകയും, എനിക്കെതിരെ നടപടി ആവശ്യപ്പെട്ട് മേൽ അധികാരങ്ങളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. എന്റെ മാത്രമല്ല സ്കൂളിന്റെ തന്നെ reputation

നെ പ്രതികൂലമായി ബാധിക്കുംവിധം ഇക്കാര്യങ്ങൾക്കുവേണ്ടി എ.ഇ.ഒ എത്രത്തോളം ബാഹ്യപ്രേരണകൾക്കും സ്വാധീനങ്ങൾക്കും പ്രലോഭനങ്ങൾക്കും വശംവദനായിരിക്കുന്നു എന്നത്, എ.ഇ.ഒ എത്രത്തോളം ആ പദവി ദുരുപയോഗം ചെയ്തിരിക്കുന്നു എന്ന വാസ്തവം വ്യക്തമാക്കുന്നു.

LSGD യിൽ നിന്നും, അക്ഷയ കേന്ദ്രങ്ങളിൽ നിന്നും എന്ന് വേണ്ട മൊബൈൽ ആപ്പുകൾ വഴി പോലും ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന ഇക്കാലത്ത് ജനനസർട്ടിഫിക്കറ്റിന്റെ പേരിൽ സൂപ്പർ ആന്വേഷനിൽ റിട്ടയർ ചെയ്യാൻ വെറും 15 ദിവസം മാത്രം ബാക്കി നിൽക്കെ എന്നെ three suspension is equal to a dismissal എന്ന് എനിക്കെതിരെ വെല്ലുവിളിച്ചവരുടെ സംതൃപ്തിക്കും സമവാക്യ സൃഷ്ടിക്കും വേണ്ടി KER act 12 A പ്രകാരം സസ്പെൻഷനും, എക്സ്റ്റൻഷനും എല്ലാം ചെയ്ത എ.ഇ.ഒ ശ്രീമതി.ബിന്ദു.ബി.റ്റി അവർകളും അവരുടെ ഓഫീസിലെ ചില ജീവനക്കാരും ബാഹ്യപ്രേരണകൾക്കും സ്വാധീനങ്ങൾക്കും പ്രലോഭനങ്ങൾക്കും എത്രത്തോളമാണ് വശംവദരായി വശംകെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നതാണ് എന്റെ സൂപ്പർ ആന്വേഷനിൽ പോലും എന്നെ അപമാനപ്പെടുത്താനും പകയും വൃക്തിവൈരാഗ്യവും തീർക്കാനും എ.ഇ.ഒ കാണിച്ച അമിതാവേശം റിട്ടയർമെന്റ് ശേഷവും തുടർന്നു എന്നുള്ളതാണ് 13.6.2023 തരംതാഴ്ത്തൽ ഉത്തരവ്. എന്നാൽ ഇക്കാര്യത്തിൽ എ.ഇ.ഒ യുടെ അമിതാവേശം എന്റെ അപ്പോയിന്റിംഗ് അതോറിറ്റി ആയ സ്കൂൾ മാനേജർക്ക് ഇല്ലാതെ പോയതുകൊണ്ടാവാം മാനേജർ ഇതുവരെയും എന്റെ തരംതാഴ്ത്തൽ ഉത്തരവ് എനിക്ക് ലഭ്യമാക്കാത്തത് എന്ന് ഞാൻ സംശയിക്കുന്നു. ഈ സ്കൂളിന്റെ DDO ചാർജ്ജ് ഏറ്റെടുത്ത ഷോർണ്ണൂർ എ.ഇ.ഒ ഓഫീസിലെ സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. രമേശ് ബാബു (ഇപ്പോൾ ഒറ്റപ്പാലം DEO in charge) ശ്രീമതി.ബിന്ദു.ബി.റ്റി അവർകളുടെ നിർദ്ദേശ പ്രകാരം സ്കൂൾ എച്ച്.എം ആയ എന്നെ തഴഞ്ഞുകൊണ്ട് എന്റെ സഹാദ്ധ്യാപകരുടെ 6.2022 മുതലുള്ള ശമ്പളം വാങ്ങി നൽകി. 6/2022മുതലുള്ള എന്റെ ശമ്പളം അന്യായമായി തടഞ്ഞുവയ്ക്കുകയും 6/2022 മുതൽ ഞാൻ റിട്ടയർ ചെയ്യുന്ന 31.5.2023 വരെയുള്ള എന്റെ ശമ്പളം ഇതുവരെയും തരാതിരിക്കുകയും ചെയ്തുകൊണ്ടാണ് എന്നെകൊണ്ട് ജോലി ചെയ്യിപ്പിച്ചത്.

ഇക്കാര്യത്തിൽ ഞാൻ നിരവധി പരാതികൾ താങ്കൾ അടക്കം വരുന്ന മേലധികാരികൾക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇന്നുവരെയും എന്റെ ഇത്രയധികം പരാതികളിൽ ഒന്നുപോലും പരിഗണിക്കുകയോ എനിക്ക് നീതിലഭ്യമാക്കുകയോ ചെയ്തില്ല. തുടർന്ന് ഇക്കാര്യത്തിൽ നീതി തേടി ഞാൻ വീണ്ടും ബഹു.ഹൈക്കോടതിയെ സമീപിക്കുകയും WP © 22238/2022 ഫയൽ ചെയ്തതും. എ.ഇ.ഒയുടെ എല്ലാ നടപടികളും ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തതും ആണ്. ഇതിൽ 5th റെസ്പോണ്ടന്റ് ആയിട്ടുള്ള ഷോർണ്ണൂർ എ.ഇ.ഒ യോട് 2022ജൂണിൽ എ.ഇ.ഒ തടഞ്ഞുവച്ചതായ എന്റെ ശമ്പളം ലഭ്യമാക്കി തരുവാനും ബഹു.ഹൈക്കോടതിയോട് ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. 8.3.2023-ലെ പൊതുവിധിന്യായത്തിലെ പേജ് 15,16,17,25,26,28,29 എന്നീ പേജുകളിലായി ബഹു.ഹൈക്കോടതി പരാമർശിക്കുന്ന WP © 22238/2022 ന്റെ വിധിന്യായം എനിക്കായി പരിഗണിക്കണമെന്നും നല്ല രീതിയിൽ പരിശോധിക്കണമെന്നും അപേക്ഷിക്കുന്നു. അതോടൊപ്പം തന്നെ മറ്റു കേസുകൾ ബഹു.ഹൈക്കോടതിയുടെ കണ്ടെത്തൽ പോലെ തന്നെ പരസ്പര ബന്ധിതമായവ ആയതിനാൽ അവ കൂടി വേണ്ടവിധം എനിക്ക് ലഭിക്കുന്നതിലേക്കായി പരിഗണിക്കണെനെന്നും വിനീതമായി അപേക്ഷിക്കുന്നു.

എനിക്ക് ന്യായമായും നിയമാനുസൃതമായും ലഭിക്കേണ്ട ശമ്പളം എ.ഇ.ഒ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. എന്നെയും എന്നെ ആശ്രയിച്ച് കഴിയുന്ന എന്റെ കുടുംബത്തെയും മുഴ പട്ടിണിക്കിട്ട എ.ഇ.ഒ യുടെ ഈ നടപടി പൊറുക്കാൻ ആവാത്തതും അത്മഹത്യാ പ്രേരിതവും കൂടിയാണ് എന്ന കാര്യം കൂടി ഞാൻ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഞാൻ എച്ച്.എം.ആയതു മുതൽ എന്നെ തൽസ്ഥാനത്തുനിന്നും നിക്കം ചെയ്യുന്നതിനും

എന്റെ കഞ്ഞിയിൽ പൂഴിവാരി ഇടുന്നതിനും വേണ്ടി എ.ഇ.ഒയും സംഘവും പ്രയോജനപ്പെടുത്തുന്ന ഉറുപ്പുചീട്ടാണ് സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതി. അല്ലാതെ എ.ഇ.ഒ കണ്ടെത്തി എന്ന് പറയുന്ന യാതൊരുവിധ ക്രമക്കേടുകളും ഞാൻ ഉച്ചഭക്ഷണ പദ്ധതിയിൽ വരുത്തിയിട്ടില്ല. ഇക്കാര്യം പലതവണ എൻ.എം.പി ഓഡിറ്റ് നടത്തിയവർക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

എ.ഇ.ഒ യും മാനേജരും കൂടി എനിക്കെതിരെ 3.12.2018 മുതൽ തരംതാഴ്ത്തൽ ശിക്ഷാ നടപടി ഉത്തരവാക്കിയിട്ടുണ്ടെങ്കിലും എന്റെ 12.9.2015 മുതലുള്ള ഒന്നാമത്തെ സസ്പെൻഷനും, 3.12.2018 മുതലുള്ള രണ്ടാമത്തെ സസ്പെൻഷനും 16.5.2023 മുതലുള്ള മൂന്നാമത്തെ സസ്പെൻഷനും ഇന്നുവരെക്കും റഗുലറൈസ് ചെയ്യ തന്നിട്ടില്ല. ഇത് എന്റെ സർവ്വീസ് ആനുകൂല്യങ്ങളെ മാത്രമല്ല പെൻഷനെയും പെൻഷൻ ആനുകൂല്യങ്ങളെയും വരെ വളരെ ദോഷകരമായി ബാധിക്കാൻ ഇട വന്നിട്ടുണ്ട്.

ഇത്തരത്തിൽ 12.9.2015 (1.9.2015) മുതൽ 31.5.2023 വരെയുള്ള എന്റെ എച്ച്.എം.സർവ്വീസ് കാലഘട്ടത്തിൽ എ.ഇ.ഒ- മാനേജർ-സഹാദ്ധ്യാപക കൂട്ടുകെട്ട് ഉണ്ടാക്കിയെടുത്തിട്ടുള്ള അന്യായ സസ്പെൻഷനുകൾ ഞാൻ സൂപ്പറാനുവേഷനിൽ റിട്ടയർ ചെയ്യ കഴിഞ്ഞിട്ട് പോലും ഇന്നുവരെയും റെഗലറൈസ് ചെയ്യാതെ മനപ്പൂർവ്വം എന്നെ എല്ലാതരത്തിലും പീഡിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അതുകാരണം എനിക്ക് എന്റെ പെൻഷൻ പ്രൊപ്പോസൽ സബ്മിറ്റ് ചെയ്യാൻ പോലും സാധിക്കാത്ത അവസ്ഥയിലാണ്. ആയതിനാൽ ഇക്കാര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ വൈകിപ്പിക്കുന്നത് ആത്മഹത്യാപ്രേരിതമാണെന്ന് കൂടി ഞാൻ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അതിനാൽ മേപ്പടി കാര്യങ്ങളിൽ നിവൃത്തി ഉണ്ടാകുന്നതോടൊപ്പം തീർത്തും എന്റേതല്ലാത്ത കാരണങ്ങളാൽ ചട്ടവിരുദ്ധവും നിയമവിരുദ്ധവും അന്യായമായി എ.ഇ.ഒ-മാനേജർ ചെയ്തിട്ടുള്ള മേപ്പടി സസ്പെൻഷൻ കാലയളവുകൾ എല്ലാ അർത്ഥത്തിലും ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ട് ഉത്തരവാകണമെന്ന് സവിനയം അപേക്ഷിക്കുന്നു. ഇക്കാര്യത്തിൽ ഇനിയും കാലതാമസം ഉണ്ടാക്കുന്നത് ഏറെ ബുദ്ധിമുട്ടുകൾക്ക് ഇടയാക്കും എന്നതിനാൽ ഇക്കാര്യത്തിൽ ആശങ്കകൾക്കിടവരാത്ത വിധത്തിലുള്ള ഒരു സത്വര ഉത്തരവ് ഉണ്ടാവണമെന്ന് ഞാൻ താങ്കളോട് സവിനയം അപേക്ഷിക്കുന്നു.

1.5.2015-ന് ഞാൻ എച്ച്.എം. ആയത് മുതൽ 31.5.2023-ന് സൂപ്പർ ആനുവേഷനിൽ ഞാൻ റിട്ടയർ ആയതു വരെയുള്ള എന്റെ സർവ്വീസ് കാലയളവിൽ തടഞ്ഞുവെച്ചിട്ടുള്ള എന്റെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും അരിയർ സാലറി, ഇൻക്രിമെന്റ്, ഡി.എ, ഗ്രേഡ്, pay fixation, earned leave surrender, TA, etc എത്രയും പെട്ടെന്ന് ലഭ്യമാക്കി തരണമെന്നും മേപ്പടി ആനുകൂല്യങ്ങൾ തടഞ്ഞുവച്ചുകൊണ്ട് എനിക്ക് കഷ്ടങ്ങൾക്കിടവരുത്തിയവരിൽ നിന്നും എനിക്കുണ്ടായ കഷ്ടനഷ്ടങ്ങൾ നിയമാനുസൃതം വകയിരുത്തി ഈടാക്കി തരണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ പാലക്കാട്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒറ്റപ്പാലം, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഷൊർണ്ണൂർ എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

WP (C) 22238/2022 (filed by Smt.Geetha.K)

Ext.P36,P39 നെതിരെയാണ് ശ്രീമതി.ഗീത WP © 22238/2022 ഫയൽ ചെയ്തിരിക്കുന്നത്. Ext.P36 മാനേജർ പുറപ്പെടുവിച്ച ഷോക്കോസ് നോട്ടീസാണ് ആയതിൽ ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസർ, ഉച്ചഭക്ഷണ പദ്ധതി ക്രമക്കേട്, അപമര്യാദയായി പെരുമാറിയതിന് എന്ന വിഷയങ്ങളിൽ Ext.P38, P39 ന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗീതക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകിയതാണ്. WP (C) 22238/2022നമ്പേലുള്ള ബഹു.ഹൈക്കോടതിയുടെ 8.3.2023-ലെ വിധിന്യായത്തിൽ Ext.29 & 31 നമ്പേൽ സർക്കാരിനോട് ഉചിതമായ തീരുമാനം കൈക്കൊള്ളുവാനാണ് ഉത്തരവായിട്ടുള്ളത്.

Exts 29 & 31 നമ്പേലുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

14.8.2019-ന് വി.സി.എം.എൽ.പി.എസ് വല്ലപ്പുഴ സ്കൂൾ തുറന്നിട്ടില്ല എന്ന പരാതി ലഭിച്ചതിനെതുടർന്ന് ആ കാലയളവിലെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീ.സുകുമാരൻ.എം.ആർ പ്രസ്തുത സ്കൂൾ സന്ദർശിച്ചിരുന്നു. സ്കൂൾ സന്ദർശന സമയത്തു കണ്ട കാഴ്ച അദ്ധ്യാപകരും, വിദ്യാർത്ഥികളും മഴയത്തു സ്കൂളിനു പുറത്തു നിൽക്കുന്നതാണ്. സ്കൂൾ ഗേറ്റ് പൂട്ടിയിട്ടിരുന്നു. ഇതിനെ തുടർന്ന് ശ്രീമതി.ഗീത.കെ യ്ക്ക എന്തെങ്കിലും അപകടം സംഭവിച്ചതിനാലാണോ സ്കൂൾ തുറക്കാതിരിക്കുന്നത് എന്ന് അന്വേഷിക്കുന്നതിനായി ഉപജില്ല വിദ്യാഭ്യാസ ഓഫീസറും മറ്റ് ഉദ്യോഗസ്ഥരും കൂടി സ്കൂളിനടുത്തുതന്നെ താമസിക്കുന്ന ശ്രീമതി.ഗീത.കെയുടെ വീട്ടിൽ പോയിരുന്നു. വീടിനു പുറത്തുനിന്ന ഉദ്യോഗസ്ഥരെ ഗീത.കെ വീട്ടിലേക്ക് ക്ഷണിച്ചത് പ്രകാരം വീടിനകത്തു കയറിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ വീടിനകത്തു തടഞ്ഞു വച്ചിരുന്നു. ഈ സംഭവത്തിലാണ് ശ്രീ.സുകുമാരൻ എം.ആർ നെതിരെ ശ്രീമതി.ഗീത.കെ ബഹു.കോടതിയെ സമീപിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗീത.കെ-യെ പ്രധാനാദ്ധ്യാപികയുടെ ചുമതലയിൽ നിന്നും ഡി.ഡി.ഒ ചാർജ്ജിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. ഉച്ചഭക്ഷണ ചുമതലയും ശ്രീമതി.ഗീത.കെയുടെ പക്കൽ നിന്നും മാറ്റിയിട്ടുണ്ട്. 18.2.2022 ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വെച്ച് നടന്ന കൂടികാഴ്ചയിൽ സ്കൂളിലെ ഹാജർ പുസ്തകം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മുന്നിലേക്ക് വലിച്ചെറിഞ്ഞ് ഹിയറിംഗിൽ നിന്ന് ക്ഷുഭിതയായി ശ്രീമതി.ഗീത.കെ ഇറങ്ങി പോയിരുന്നു. 18.2.22 വരെ അവർ ഹാജർ പുസ്തകത്തിൽ ഒപ്പിട്ടിരുന്നു. ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ ഉപേക്ഷിച്ച് പോയ ഹാജർ പുസ്തകം തിരികെ കൊണ്ടു പോകാൻ നിരവധി തവണ നിർദ്ദേശം നൽകിയെങ്കിലും അത് തിരികെ കൊണ്ട് പോയിരുന്നില്ല. തുടർന്ന് പ്രത്യേക ദൂതൻ മുഖേന ഹാജർ പുസ്തകം സ്കൂളിൽ എത്തിച്ച് നൽകിയിരുന്നു എങ്കിലും ശ്രീമതി.ഗീത.കെ സ്കൂളിൽ ഹാജരില്ലായിരുന്നതിനാൽ ഹാജർ പട്ടിക സീനിയർ അദ്ധ്യാപകനായ ശ്രീ.കെ.ജയകുമാറിനെ ഏൽപ്പിച്ചിരുന്നു. ശ്രീ.കെ.ജയകുമാറിന്റെ പക്കൽ നിന്നും ഹാജർ പട്ടിക കൈപ്പറ്റുന്നതിന് ശ്രീമതി.ഗീത.കെ തയ്യാറല്ലായിരുന്നു.

27.6.2022-ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിട്ട് സ്കൂളിൽ എത്തി ഹാജർ പട്ടിക കൈപ്പറ്റാൻ ആവശ്യപ്പെട്ടങ്കിലും ആയതിന് ശ്രീമതി.ഗീത.കെ തയ്യാറായിട്ടില്ല. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗീത.കെ. യെ 29.6.2022 മുതൽ പ്രധാനാദ്ധ്യാപിക, ഡി.ഡി.ഒ എന്നീ ചുമതലകളിൽ നിന്ന് മാറ്റി നിർത്തിയതിനെ തുടർന്ന്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടിന് വി.സി.എം. എൽ.പി.എസ് വല്ലപ്പുഴ സ്കൂളിലെ ഡിഡിഒ-യുടെ ചുമതല ലഭിക്കുകയും അതിനു ശേഷം അവർക്ക് ശമ്പളം നൽകുന്നതിനായി ഹാജർ പുസ്തകം ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചതിൽ ശ്രീമതി.ഗീത.കെ ഹാജർ പട്ടികയിൽ 18.2.22 വരെയേ ഒപ്പ് വെച്ചിരുന്നുള്ളൂ എന്ന് കാണുന്നു. എന്നാൽ അവർ 2022 മെയ് 31 വരെയുള്ള ശമ്പളം കൈപ്പറ്റിയിരുന്നു. ഹാജർ രേഖപ്പെടുത്താത്ത കാലയളവിൽ ശമ്പളം കൈപ്പറ്റിയ നടപടി ഗുരുതരമായ സാമ്പത്തിക

ക്രമക്കേട് ആണ്. ആയതിനാൽ അനധികൃതമായി കൈപ്പറ്റിയ ഈ തുക തിരിച്ചു പിടിക്കേണ്ടതുണ്ട് എന്ന് കാണുന്നു. ഹാജർ പുസ്തകത്തിൽ ഒപ്പ് വെക്കാത്തതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടിന് വി.സി.എം. എൽ.പി.എസ് വല്ലപ്പുഴ സ്കൂളിലെ ഡിഡിഒ യുടെ ചുമതല ലഭിച്ചതിനു ശേഷം ശ്രീമതി.ഗീത.കെ.യ്ക്ക ശമ്പളം അനുവദിച്ചു നൽകാൻ കഴിഞ്ഞിട്ടില്ല. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 19.10.22ന് സ്കൂൾ സന്ദർശിച്ചപ്പോൾ അന്നേ ദിവസം രാവിലെ 19.10.202 F.N ന് സ്കൂളിൽ സൂക്ഷിക്കുന്ന ഹാജർ പട്ടികയിൽ ശ്രീമതി.ഗീത ഒപ്പ് വെച്ചിരുന്നു. പിന്നീട് അവർ ഹാജർ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ അവർ മനപൂർവ്വം ഹാജർ പുസ്തകത്തിൽ ഒപ്പിടാതിരുന്നത് മൂലമാണ് അവരുടെ ശമ്പളം മുടങ്ങിയത്. അതോടൊപ്പം പ്രധാനാദ്ധ്യാപക ചുമതലയുള്ള ശ്രീ.കെ.ജയകുമാർ ഈ ഓഫീസിൽ നൽകിയ കത്തിൽ അവർ മിക്ക ദിവസങ്ങളിലും സ്കൂളിൽ ഹാജരാകാറില്ല എന്നും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം പെൻഷൻ പ്രൊപ്പോസൽ നൽകുന്നതിന് ഈ ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അവരുടെ സേവന പുസ്തകം ഈ ഓഫീസിൽ നിന്ന് പെൻഷൻ ആവശ്യത്തിനായി കൈപ്പറ്റിയിരുന്നു. എന്നാൽ ഇതുവരെയും പെൻഷൻ പ്രൊപ്പോസൽ നൽകിയിട്ടില്ല. പെൻഷൻ പ്രൊപ്പോസൽ നൽകാത്തതിനാൽ പെൻഷനും, ഹാജർ പുസ്തകത്തിൽ ഒപ്പു രേഖപ്പെടുത്താത്തതിനാൽ 2022 ജൂൺ മാസം മുതലുള്ള ശമ്പളവും അനുവദിച്ചു നൽകാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്. ശമ്പളവും പെൻഷനും ലഭിക്കാതിരിക്കുന്നതു ശ്രീമതി.ഗീത.കെ യുടെ നിസ്സഹകരണം മൂലമാണ് എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

22.06.2022-ലെ സർക്കാർ കത്ത് നമ്പർ പൊ.വി.വ ബി3/157/2022 നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗീത.കെ-യെ പ്രധാനാദ്ധ്യാപിക, ഡിഡിഒ എന്നീ ചുമതലകളിൽ നിന്ന് 29.6.2022 മുതൽ മാറ്റി നിർത്തി ഉത്തരവായിട്ടുണ്ട്. തുടർന്ന് ഡിഡിഒ ചാർജ്ജ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടിനും, പ്രധാനാദ്ധ്യാപകന്റെ ചുമതല പ്രസ്തുത സ്കൂളിലെ സീനിയർ അദ്ധ്യാപകനായ ശ്രീ.കെ.ജയകുമാറിനും നൽകി ഉത്തരവായി. സ്കൂൾ സംബന്ധമായ സേവന പുസ്തകം ഉൾപ്പെടെ ഉള്ള എല്ലാ രേഖകളും പ്രധാനാദ്ധ്യാപകന്റെ ചുമതല ഉള്ള ശ്രീ.കെ.ജയകുമാറിന് നൽകിയും ഉത്തരവായി. സ്കൂളിലെ അദ്ധ്യാപകരുടെ സേവന പുസ്തകം ഉൾപ്പെടെയുള്ള സ്കൂൾ സംബന്ധമായ മുഴുവൻ രേഖകളും ശ്രീ.കെ.ജയകുമാറിന് കൈമാറുന്നതിന് ശ്രീമതി.ഗീത.കെ-ക്കു നിരവധി തവണ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സ്കൂൾ സംബന്ധമായ ഒരു രേഖകളും ടിയാരി നാളിതുവരെയും കൈമാറി നൽകിയിട്ടില്ല.

01.07.2014 ശമ്പള പരിഷ്കരണം പ്രകാരമുള്ള പേ റിവിഷൻ അരിയർ, ഗ്രേഡ്, ഇൻക്രിമെന്റ്, ആർജ്ജിത അവധി സറണ്ടർ എന്നിവ ലഭിക്കുന്നതിന് വേണ്ടി ആണ് ശ്രീ.അബ്ദുൽ നാസർ.പി.കെയും മറ്റുള്ളവരും ചേർന്ന് WP © 33965, 34067/2018 ഫയൽ ചെയ്തത്. ആയതിലെ 8.3.2023-ലെ വിധിന്യായ പ്രകാരം കോടതി ഉത്തരവിന്റെ സെർട്ടിഫൈഡ് കോപ്പി ലഭിച്ചു കഴിഞ്ഞാൽ ഒരു മാസത്തിനകം നടപടി സ്വീകരിക്കാൻ ഷൊർണ്ണൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോടതി ഉത്തരവ് നടപ്പാക്കുന്നതിനായി ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, എ.ഇ.ഒ ഓഫീസിൽ വച്ച് 25.4.2023 ന് രാവിലെ 11.30 ന് നടത്തിയ കൂടിക്കാഴ്ചയിൽ ശ്രീമതി.ചന്ദ്രലേഖ, ശ്രീമതി.രാജലക്ഷ്മി, ശ്രീ.ജയകുമാർ.കെ എന്നിവർ മാത്രമാണ് ഹാജരായത്. അറബി അദ്ധ്യാപകനായ ശ്രീ.അബ്ദുൽ നാസർ പി.കെ ഹാജരാകാൻ സാധിക്കില്ല എന്ന കാര്യം കത്തിലൂടെ അറിയിക്കുകയും അദ്ദേഹത്തിന് പറയാനുള്ള വിവരങ്ങൾ എഴുതി തരികയും ചെയ്തിരുന്നു. സ്കൂൾ മാനേജരും,

ശ്രീമതി.ഗീത.കെയും ഹാജരായിരുന്നില്ല. 25.4.2023-ന് നടത്തുന്ന കൂടിക്കാഴ്ച സംബന്ധിച്ച അറിയിപ്പ് ശ്രീമതി.ഗീത.കെ യഥാസമയും കൈപ്പറ്റിയിട്ടുണ്ട്. എന്നിട്ടും സർവ്വീസ് ബുക്ക് ഉൾപ്പെടെ ഉള്ള സ്കൂൾ സംബന്ധമായ രേഖകൾ എ.ഇ.ഒ ഓഫീസിൽ ഹാജരാക്കാത്തതിനാൽ ബഹു.ഹൈക്കോടിയുടെ 8.3.2023-ലെ ഉത്തരവ് നടപ്പിലാക്കാൻ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് കഴിഞ്ഞിട്ടില്ല എന്ന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ശ്രീമതി.ഗീത.കെ 31.5.2023-ന സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിച്ചിട്ടും ഔദ്യോഗിക രേഖകൾ പ്രധാനാദ്ധ്യാപകന്റെ ചുമതല ഉള്ള അദ്ധ്യാപകന് ടിയാരി നാളിതുവരെ കൈമാറിയിട്ടില്ല.

ടി സ്കൂളിലെ അദ്ധ്യാപകർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബഹു.മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിക്കുകയും ബഹു.മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവും ഇത് മൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പ്രധാനാദ്ധ്യാപികയുടെ ചുമതലയിൽ നിന്ന് മാറ്റി നിർത്തിയതു മൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പ്രധാനാദ്ധ്യാപികയുടെ ചുമതലയിൽ നിന്ന് മാറ്റി നിർത്തിയതു മുതൽ അവർ കൈവശം വച്ചിരുന്ന സ്കൂൾ സംബന്ധമായ എല്ലാ രേഖകളും രജിസ്റ്ററുകളും സ്കൂളിലെ ചാർജ്ജുള്ള അദ്ധ്യാപകനെയോ, വകുപ്പിലെ ഉദ്യോഗസ്ഥരെയോ ഏൽപ്പിക്കാൻ വിവിധ തലത്തിൽ നിന്നും അറിയിച്ചിരുന്നു. എന്നാൽ സർവ്വീസിൽ നിന്ന് വിരമിക്കുന്ന സമയത്തുപോലും സ്കൂൾ സംബന്ധമായ എല്ലാ സർക്കാർ രേഖകളും രജിസ്റ്ററുകളും പ്രധാനാദ്ധ്യാപകന്റെ ചുമതലയുള്ള സീനിയർ അദ്ധ്യാപകനോ വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഓഫീസർക്കോ കൈമാറാൻ ടിയാരി തയ്യാറായിരുന്നില്ല. ആയതു കാരണം സ്കൂളിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായും സ്കൂളിലെ മറ്റു അദ്ധ്യാപകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വാങ്ങി നൽകുന്നതിനോ, ഇതുമായി ബന്ധപ്പെട്ട ബഹു.ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിനോ കഴിയാത്ത സാഹചര്യം ആണ് നിലനിൽക്കുന്നത് എന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗീത.കെ-ക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിനു ഷൊർണ്ണൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പട്ടാമ്പി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. എന്നാൽ ഈ വിഷയത്തിൽ ബഹു.കോടതി ഉത്തരവ് ഇല്ലാതെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ കഴിയില്ല എന്നാണ് പോലീസ് സ്റ്റേഷനിൽ നിന്നും ഷൊർണ്ണൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചത്. എന്നാൽ ശ്രീമതി.ഗീത.കെ-ക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് വി.സി.എം.എൽ.പി.എസ് വല്ലപ്പുഴ സ്കൂളിലെ പ്രധാനാദ്ധ്യാപകന്റെ ചുമതല ഉള്ള ശ്രീ.കെ.ജയകുമാർ കോടതിയിൽ നിന്നും നേടിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗീത.കെ-ക്കെതിരെ CRIME NO.500/2023 UNDER SECTION 380,409,406,IPC പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നിട്ടും അവർ ഔദ്യോഗിക രേഖകൾ കൈമാറാൻ തയ്യാറായിട്ടില്ല.

മേൽ വിഷയം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗീതയ്ക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം കേസിന്റെ അന്തിമ തീർപ്പിന് വിധേയമായി ടിയാൾക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി GO (P) 117/2020/ധന തീയതി 7.12.2020, GO (P) 161/2020/ധന തീയതി 7.12.2020-ലെ വ്യവസ്ഥകൾ പ്രകാരം തീർപ്പാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (B3/157/2022 തീയതി 6.10.2023)

ശ്രീമതി. ഗീത.കെ ഫയൽ ചെയ്ത WP © 20136/2020 നമ്പർ 8.3.2023-ൽ പുറപ്പെടുവിച്ച പൊതുവിധിന്യായത്തിൽ മാനേജരുടെ 12.9.2020-ലെ ടിയാളെ തരംതാഴ്ത്തികൊണ്ടുള്ള ഉത്തരവ് മാറ്റി വയ്ക്കുകയും, മാനേജർ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് കോടതി ഉത്തരവ്

കൈപ്പറ്റി 30 ദിവസത്തിനകം വിശദീകരണം നൽകാൻ ഉത്തരവായിരുന്നു. എന്നാൽ സമയപരിധി കഴിഞ്ഞിട്ടും വിശദീകരണം നൽകാത്തതിനാൽ മാനേജർ ശ്രീമതി.ഗീത.കെ യെ 3.12.2018 മുതൽ കെ.ഇ.ആർ ആദ്ധ്യായം XIV A ചട്ടം 65 (iv) പ്രകാരം പ്രധാനാദ്ധ്യപിക സ്ഥാനത്തുനിന്നും എൽ.പി.എസ്.ടി ആയി 30.5.2023-ൽ തരം താഴ്ത്തി ഉത്തരവായി. തുടർന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 13.6.2023-ന് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ പരിശോധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തരംതാഴ്ത്തലിന് ആധാരമായ വസ്തുതകൾ നിലനിൽക്കുന്നതാണെന്ന് ബോധ്യപ്പെടുകയും, ടിയാളെ 3.12.2018 മുതൽ പ്രാധാനാദ്ധ്യാപക സ്ഥാനത്തുനിന്നും എൽ.പി.എസ്.ടി ആയി തരം താഴ്ത്തിയ മാനേജരുടെ ഉത്തരവിന് കെ.ഇ.ആർ അദ്ധ്യായം XIV A 75,76 ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകി ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് സസ്പെൻഷനിൽ തുടരവെ 31.5.2023-ൽ ടിയാൾ വിരമിച്ചു.

എന്നാൽ ശ്രീമതി.ഗീത.കെ അവരെ സസ്പെന്റ് ചെയ്ത കാലയളവായ 12.9.2015 മുതൽ 3.1.2017 വരെ ഉള്ള കാലയളവിലെ ശമ്പളം ഉൾപ്പെടയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ സർവ്വീസ് ക്രമീകരിക്കാതെ തന്നെ കൈപ്പറ്റിയിരിക്കുന്നു. സസ്പെൻഷൻ കാലം ക്രമീകരിച്ചു ലഭിക്കുന്നതിനു വേണ്ടി ഫയൽ ചെയ്ത കേസുകൾ ബഹു.ഹൈക്കോടതിയുടെയും സർക്കാരിന്റെയും പരിഗണനയിൽ ഇരിക്കെ ആണ് ശ്രീമതി.ഗീത.കെ സാമ്പത്തിക ക്രമക്കേട് കാണിച്ചിരിക്കുന്നത്. ഇത് എ.ജി യുടെ ഓഡിറ്റിൽ പരിശോധിക്കുകയും ചെയ്തിരുന്നു. അതോടൊപ്പം യൂണിഫോം വിതരണത്തിനായി നൽകിയ തുകയിൽ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയ തുകയായ 17200/-(പതിനേഴായിരത്തി ഇരുന്നൂറ് രൂപ) രൂപയും എ.ജി ഓഡിറ്റിൽ പരിശോധിച്ചിരുന്നു. ശ്രീമതി. ഗീത.കെ നടത്തിയത് ഗുരുതരമായ സാമ്പത്തിക ക്രമക്കേട് ആയതിനാൽ തുക തിരിച്ചടക്കാൻ എ.ജിയുടെ നിർദ്ദേശ പ്രകാരം ശ്രീമതി.ഗീത.കെ-ക്കു അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ആവർത്തിച്ച് അറിയിപ്പ് നൽകിയിട്ടും അവർ തുക തിരിച്ചടച്ചിട്ടില്ല. ആയതിനാൽ 12.9.2015 മുതൽ 3.1.2017 വരെ ഉള്ള സസ്പെൻഷൻ കാലയളവിൽ 2/2016 മുതൽ 1/2017 വരെ അനധികൃതമായി കൈപ്പറ്റിയ തുക ആയ 653460/- രൂപയും(ആറു ലക്ഷത്തി അമ്പത്തി മൂവായിരത്തി നാന്നൂറ്റി അറുപത് രൂപ മാത്രം) യൂണീഫോം വിതരണത്തിനായി നൽകിയ തുകയിൽ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയ തുകയായ 17200/-(പതിനേഴായിരത്തി ഇരുന്നൂറ് രൂപ) രൂപയും എ.ജി ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് അവരുടെ ബാദ്ധ്യതയായി എ.ഇ.ഒ ഉത്തരവ് നൽകിയിട്ടുണ്ട്.

4. വല്ലപ്പുഴ വി.സി.എം. എൽ.പി സ്കൂളിലെ അദ്ധ്യാപകരായ ശ്രീ.അബ്ദുൽ നാസർ.പി.കെ, ശ്രീ.ജയകുമാർ.കെ ശ്രീമതി.രാജലക്ഷ്മി.സി എന്നിവർ ചേർന്ന് ഫയൽ ചെയ്ത WP © No.33965/2023, ടി സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി.ചന്ദ്രലേഖ .വി ഫയൽ ചെയ്തWP © 34067/2018 എന്നീ കേസുകളിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 8.3.2023-ലെ പൊതുവിധിന്യായത്തിൽ, ഹർജിക്കാരുടെ നിവേദനങ്ങൾ പരിഗണിച്ച്, മാനേജർ, ഹെഡ്മിസ്ട്രസ് എന്നിവരെ നേരിൽ കേട്ട് തീരുമാനമെടുക്കുവാനാണ് ഒന്നാം എതിർ കക്ഷിയായ ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശമുള്ളത്. ശ്രീമതി.ഗീത.കെ പ്രധാനാദ്ധ്യാപിക ആയതിനു ശേഷം അദ്ധ്യാപകർക്ക് വാങ്ങി നൽകേണ്ട ആനുകല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനാൽ 1.7.2014 ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പളം മാത്രമാണ് ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നതെന്നും, പേ റിവിഷൻ, അരിയർ, ഗ്രേഡ്, ഇൻക്രിമെന്റ്,ആർജ്ജിതാവധി,സറണ്ടർ എന്നിവ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് നിവേദനങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ടി അദ്ധ്യാപകരുടെ

സർവ്വീസ് ബുക്ക് ഉൾപ്പെടെയുള്ള സ്കൂളിലെ ഔദ്യോഗിക രേഖകൾ ശ്രീമതി.ഗീത കൈമാറാൻ തയ്യാറാകാതെയിരിക്കുന്ന സാഹചര്യത്തിൽ ബഹു.ഹൈക്കോടതി ഉത്തരവ് പാലിക്കുന്നതിനായി ടി അദ്ധ്യാപകരുടെ സർവ്വീസ് ബുക്ക് പുതുതായി തുടങ്ങുന്നതിനുള്ള അനുമതിയും, 1.7.2014 ശമ്പള പരിഷ്കരണം പ്രകാരമുള്ള പേ റിവിഷൻ അരിയർ, ശമ്പള കുടിശ്ശികകൾ, ഗ്രേഡ്, ഇൻക്രിമെന്റ്, ആർജ്ജിതാവധി എന്നിവ അനുവദിച്ചു നൽകുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്ന ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ആവശ്യം ധനകാര്യ വകുപ്പിൽ അയച്ച് പരിശോധിക്കുകയും ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ വിധിന്യായം നടപ്പിലാക്കുന്നതിനായി കെ.എസ്.ആർ ഭാഗം III, ചട്ടം 146ന്റെ താഴെയുള്ള സർക്കാർ തീരുമാനം (iv) പ്രകാരം ഹർജിക്കാരുടെ സേവന പുസ്തകങ്ങൾ പുനർനിർമ്മിക്കുന്നതിന് ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അനുമതി നൽകിയിട്ടുണ്ട്.

ശ്രീമതി.ഗീത.കെ ഫയൽ ചെയ്ത WP © 23489/2022 കേസ്സിൽ, Ext P11, P18 ചലഞ്ച് ചെയ്യാനുള്ള അവകാശം അനുവദിച്ചുകൊണ്ടാണ് പൊതുവിധിന്യായത്തിൽ ഉത്തരവായത്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വി.സി.എം .എൽ.പി സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് സീനിയർ അസിസ്റ്റന്റ് ടീച്ചറായ ശ്രീ.ജയകുമാറിന് പ്രധാനാദ്ധ്യാപക ചാർജ്ജും, ഡി.ഡി.ഒ ചാർജ്ജും 22.6.2022 മുതൽ നൽകികൊണ്ട് ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവും (Ext P11), സ്കൂളിലെ ഉച്ചഭക്ഷണ നടത്തിപ്പിന് ശ്രീ.കെ.ജയകുമാറിനെ ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവും (Ext P18) റദ്ദ് ചെയ്യണമെന്നതായിരുന്നു ടിയാളുടെ ആവശ്യം. ടിയാൾ സസ്പെൻഷനിൽ തുടരവെ റിട്ടയർ ചെയ്ത സാഹചര്യത്തിൽ ഈ കേസിന് പ്രസക്തിയില്ലാത്തതാകുന്നു.

ശ്രീമതി.ഗീത.കെയുടെ 12.9.2015 മുതൽ 31.5.2023 വരെയുള്ള എച്ച്.എം സർവ്വീസ് കാലഘട്ടത്തിലെ അന്യായ സസ്പെൻഷനുകൾ ഇതുവരെയും റഗുലറൈസ് ചെയ്യാത്തതിനാൽ പെൻഷൻ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയുന്നില്ലെന്നും, ടി സസ്പെൻഷൻ കാലയളവുകൾ എല്ലാ അർത്ഥത്തിലും ഡ്യൂട്ടിയായി പരിഗണിക്കണമെന്നും, ടിയാളുടെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും, ശമ്പളം, അരിയർ, ഇൻക്രിമെന്റ്, ഡി.എ, ഗ്രേഡ്, പേ ഫിക്സേഷൻ, ഏൺഡ് ലീവ് സറണ്ടർ, റ്റി.എ എന്നിവ എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നതുമാണ് ടിയാളുടെ ആവശ്യം. ശ്രീമതി.ഗീത 2022 ജൂൺ മാസം മുതൽ സ്കൂളിലെ ഹാജർ പുസ്തകത്തിൽ ഒപ്പ് വച്ചിട്ടില്ലെന്നും ആയതിനാൽ ഡി.ഡി.ഒ യുടെ ചാർജ്ജ് ഉള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടിന് ടിയാളുടെ ശമ്പളവും, പെൻഷൻ പ്രൊപ്പോസൽ ഇതുവരെയും സമർപ്പിച്ചിട്ടില്ലാത്തതിനാൽ പെൻഷനും അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെ എസ് ആർ ഭാഗം 3 ചട്ടം 3A(a) പ്രകാരം നിർബന്ധിത വിരമിക്കൽ പ്രായത്തിലോ മറ്റുവിധത്തിലോ വിരമിച്ചിട്ടുള്ള ഒരു ജീവനക്കാരനെതിരെ ചട്ടം 3 പ്രകാരം ഏതെങ്കിലും വകുപ്പ് തല അല്ലെങ്കിൽ നീതിന്യായ നടപടി ആരംഭിയ്ക്കുകയോ അല്ലെങ്കിൽ അതിലെ പരിമിതി വ്യവസ്ഥയുടെ (a) ഖണ്ഡ പ്രകാരം ഒരു വകുപ്പ്തല നടപടി തുടരുകയോ ചെയ്യുന്നിടത്ത്, അയാളുടെ വിരമിയ്ക്കൽ തീയ്യതി ആരംഭിക്കുന്നത് മുതൽ അങ്ങനെയുള്ള നടപടിയുടെ അന്തിമ ഉത്തരവുകൾ പാസ്സാക്കുന്നത് വരെയുള്ള കാലയളവിന് അയാൾക്ക് റിട്ടയർമെന്റ് തീയ്യതിവരെ അല്ലെങ്കിൽ അയാൾ സസ്പെൻഷനിൽ ആയിരുന്നുവെങ്കിൽ അയാളുടെ സസ്പെൻഷന്

തൊട്ടുമുൻപുള്ള തീയ്യതി വരെ, അയാളുടെ യോഗ്യമായ സർവ്വീസിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് അനുവദനീയമാകുന്ന പരമാവധി പെൻഷൻ കവിയാത്ത ഒരു താല്ക്കാലിക പെൻഷൻ നല്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ശ്രീമതി ഗീതയ്ക്കെതിരെ ക്രിമിനൽ കേസ് സ്കൂളിൽ നിന്നും രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ടിയാളുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ടി സസ്പെൻഷൻ കാലയളവ് ഒഴിവാക്കി അതിന് മുൻപായി വരുന്ന യോഗ്യസേവനകാലത്തിന്റെ അടിസ്ഥാനത്തിൽ ആവറേജ് ഇമോളുമെന്റ്സ് കണക്കാക്കി പ്രൊവിഷണൽ പെൻഷൻ അനുവദിക്കുവാനും, കെ എസ് ആർ ഭാഗം മൂന്ന് ചട്ടം മൂന്നിന്റെ അടിയിലെ കുറിപ്പ് 2 & 3 പ്രകാരം ഒരു ജീവനക്കാരൻ/പെൻഷനർ സർക്കാരിന് എന്തെങ്കിലും ബാദ്ധ്യതയുള്ള പക്ഷം അത് ടിയാന്റെ DCRG യിൽനിന്നും ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നതിനാൽ അങ്ങനെ ചെയ്യുന്നതിന് ടിയാൻ റിട്ടയർ ചെയ്ത് മൂന്ന് വർഷത്തിനകം ബാദ്ധ്യത തിട്ടപ്പെടുത്തി അറിയിക്കണം എന്നുള്ളതിനാലും, 31/05/2023 ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി ഗീതക്കു പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും അനുവദിച്ചു നല്കിയിട്ടില്ലാത്തതിനാലും ടിയാൾക്കെതിരെ നിശ്ചയിച്ചിട്ടുള്ള ബാധ്യത തുക ടിയാളെ തിട്ടപ്പെടുത്തി അറിയിക്കുവാനും, ആയത് ടിയാളുടെ ഡി സി ആർ ജി അനുവദിക്കുന്ന മുറയ്ക്ക് ആയതിൽ നിന്നും ഈടാക്കുവാനും ഷൊർണ്ണൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ബഹു. കേരള ഹൈക്കോടതി പരാമർശം 3 പൊതു വിധിന്യായത്തിൽ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിയ്ക്ക് നൽകിയ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഷൊർണ്ണൂർ, പാലക്കാട്
മാനേജർ, വി.സി.എം.എൽ.പി സ്കൂൾ, വല്ലപ്പുഴ , പാലക്കാട്.
പ്രഥമാദ്ധ്യാപിക, വി.സി.എം.എൽ.പി സ്കൂൾ, വല്ലപ്പുഴ ,
പാലക്കാട്.
ശ്രീമതി. ഗീത. കെ, പ്രഥമാദ്ധ്യാപിക (Rtd.),
കരുണ, വല്ലപ്പുഴ പി.ഒ, പാലക്കാട്
ശ്രീ. അബ്ദുൾ നാസർ. പി. കെ, അറബിക്ക് അദ്ധ്യാപകൻ
വി.സി.എം.എൽ.പി സ്കൂൾ, വല്ലപ്പുഴ , പാലക്കാട്.
ശ്രീ. ജയകുമാർ. കെ, ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകൻ,
വി.സി.എം.എൽ.പി സ്കൂൾ, വല്ലപ്പുഴ , പാലക്കാട്.
ശ്രീമതി. രാജലക്ഷ്മി. സി, ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകൻ,
വി.സി.എം.എൽ.പി സ്കൂൾ, വല്ലപ്പുഴ , പാലക്കാട്.
ശ്രീമതി. ചന്ദ്രലേഖ. വി, ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകൻ,
വി.സി.എം.എൽ.പി സ്കൂൾ, വല്ലപ്പുഴ , പാലക്കാട്.

ശ്രീ. സുകുമാരൻ നായർ, മഗരിസ, വാടാനക്കുറിശ്ശി. പി ഒ,
പാലക്കാട്-679121.

ശ്രീമതി. ബിന്ദു. ബി. റ്റി, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഷൊർണ്ണൂർ,
പാലക്കാട്-679122.

ശ്രീ. സി. എൻ. രമേഷ് ബാബു, സീനിയർ സൂപ്രണ്ട്, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ഷൊർണ്ണൂർ, പാലക്കാട്-679122.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 25-10-2024 16:14:48

ഡെപ്യൂട്ടി ഡയറക്ടർ